മലയാള മനോരമ
ESTABLISHED 1888
16 January 2018

# കാളാഞ്ചി തുള്ളുന്ന തുള്ളൽ കണ്ടാൽ പൊക്കാളിച്ചോറ് തിളച്ചു തൂവും...

- പിടയ്ക്കുന്ന കാളാഞ്ചിയും പൊക്കാളി ബ്രാൻഡഡ് ഉൽപ്പന്നങ്ങളും

**സിഎംഎഫ്ആർഐ മേളയിലെ താരങ്ങൾ**

കൊച്ചി ● മേള തുടങ്ങിയത് 9.30ന്. പക്ഷേ, രാവിലെ എട്ടു മുതൽ 'പിടയ്ക്കുന്ന കാളാഞ്ചി'യ്ക്കു വേണ്ടിയുള്ള ക്യൂ തുടങ്ങിയിരുന്നു. കേന്ദ്ര സമുദ്ര മൽസ്യ ഗവേഷണ കേന്ദ്രത്തിൽ (സിഎംഎഫ്ആർഐ)യിൽ നടക്കുന്ന രാജ്യാന്തര സഫാരി സമ്മേളനത്തോടനുബന്ധിച്ചുള്ള ഭക്ഷ്യ-മൽസ്യ കാർഷികമേളയാണു ജനപങ്കാളിത്തം കൊണ്ടു ശ്രദ്ധേയമായത്. കൂടുകൃഷിയിലൂടെ വിളവെടുത്ത കാളാഞ്ചി, കരിമീൻ, തിലാപ്പിയ മൽസ്യങ്ങൾ ജീവനോടെ സ്വന്തമാക്കാനാണു രാവിലെ തന്നെ ആളുകളെത്തിയത്. നഗരത്തിൽ നിന്നും പുറത്തുനിന്നും മീൻപ്രേമികളുടെ കുത്തൊഴുക്കായിരുന്നു. കർഷകക്കൂട്ടായ്മകളായ സ്വയം സഹായ സംഘങ്ങൾ വളർത്തിയ മീനിന്റെയും കക്കയിനങ്ങളുടെയും വിപണനവും പൊടിപൊടിച്ചു.



സിഎംഎഫ്ആർഐ സഫാരി സമ്മേളനത്തോടനുബന്ധിച്ചു നടന്ന പ്രദർശനത്തിലെ മീൻവിൽപന സ്റ്റാൾ.

## പൊക്കാളിയും ബ്രാൻഡഡായി

സിഎംഎഫ്ആർഐയ്ക്കു കീഴിലുള്ള കൃഷി വിജ്ഞാന കേന്ദ്രം(കെവികെ) പുറത്തിറക്കിയ ബ്രാൻഡ് ചെയ്ത പൊക്കാളി അരിയും മറ്റുൽപന്നങ്ങളും വാങ്ങാൻ തിരക്കായിരുന്നു. പ്രൊഡ്യൂസേഴ്സ് കമ്പനികൾ രൂപീകരിച്ചാണു കെവികെ പൊക്കാളി അരിയും അരികൊണ്ടുള്ള ഉൽപന്നങ്ങളും ബ്രാൻഡ് ചെയ്തു പുറത്തിറക്കിയത്.

## കാണാനും സ്വന്തമാക്കാനും ഒട്ടേറെ

നല്ല നാടൻ ഇഞ്ചിമുതൽ ഉപ്പേരിക്കുള്ള അരിഞ്ഞ കായ്കറികൾ വരെ മേളയിൽ ലഭ്യം. സുഗന്ധ വ്യഞ്ജനങ്ങൾ, ട്യൂണ ഓയിൽ, സംസ്കരിച്ച ട്യൂണ, ട്യൂണ അച്ചാർ, ശീതീകരിച്ച ചെമ്മീൻ, ഓയിസ്റ്റർ വിഭവങ്ങൾ, ജൈവ പച്ചക്കറി തുടങ്ങി ഭക്ഷ്യക്കലവറ വിപുലമാണു മേളയിൽ. കേന്ദ്ര സർക്കാർ സ്ഥാപനങ്ങളായ സ്പൈസസ് ബോർഡിന്റെയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ചിന്റെയും സ്റ്റാളിൽനിന്നു ലഭിക്കുന്ന മായം കലരാത്തതും ഉയർന്ന ഗുണമേന്മയുള്ളതുമായ ഏലം, കുരുമുളക്, ഗ്രാമ്പു, കറുവപ്പട്ട, ജീരകം, മഞ്ഞൾ തുടങ്ങിയവ വാങ്ങാനായിരുന്നു കൊച്ചിയിലെ വീട്ടമ്മമാരുടെ തിരക്ക്. മൂല്യവർധിത ഉൽപന്നങ്ങളായ എണ്ണ, സോപ്പ്, തുളസി ഫെയ്സ് വാഷ് പോലുള്ള കോസ്മറ്റിക് ഉൽപന്നങ്ങൾ, കറി പൗഡർ തുടങ്ങിയവയും ആദ്യദിനം നന്നായി വിറ്റഴിഞ്ഞു.

നീര, ശുദ്ധമായ വെളിച്ചെണ്ണ, തേങ്ങ ചിപ്സ്, നീര ഉപയോഗിച്ചുള്ള മധുര പലഹാരങ്ങൾ തുടങ്ങിയ ഉൽപന്നങ്ങളാണു നാളികേര വികസന ബോർഡിന്റെ സ്റ്റാളിലുള്ളത്. സ്ത്രീ കൂട്ടായ്മയായ സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവുമൻ (സാഫ്) തയാറാക്കിയ സ്റ്റാളിൽ ചെമ്മീൻ, കരിമീൻ തുടങ്ങി പാചകം ചെയ്ത വിഭവങ്ങൾ കഴിക്കാനും തിരക്കുണ്ട്. ജൈവ പച്ചക്കറികളും ഫലവൃക്ഷങ്ങളുടെ തൈകളും കേരള വെജിറ്റബിൾസ് ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ സ്റ്റാളിൽ ലഭ്യമാണ്. വാഴക്കന്ന്, കറിവേപ്പ്, പാഷൻ ഫ്രൂട്ട്, പൈനാപ്പിൾ തുടങ്ങിയവയുടെ തൈകളുമുണ്ട്.

## മറൈൻ അക്വേറിയം

സാങ്കേതികവിദ്യാ പ്രദർശനവും ശ്രദ്ധനേടുന്നു ഐഎസ്ആർഒ, ഇൻകോയിസ് തുടങ്ങിയ സ്ഥാപനങ്ങളുടെ സ്റ്റാളുകളിൽ ഏറ്റവും പുതിയ സാങ്കേതിക വിദ്യകളാണു പ്രദർശിപ്പിക്കുന്നത്. സമുദ്ര അലങ്കാര മൽസ്യങ്ങളുടെ ശേഖരങ്ങളുള്ള മറൈൻ അക്വേറിയവും കാണാം. പ്രദർശനവും മേളയും നാളെ സമാപിക്കും. പ്രവേശനം സൗജന്യം.



കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ കേന്ദ്രത്തിലെ അക്വേറിയം കാണുന്നവർ.